## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1032 10.08.2017 - ൽ മറുപടിക്ക്

## റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ :<br>ശ്രീ. സി.കൃഷ്ണൻ :<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ. പി. ഉണ്ണി : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) റോഡുകളുടെ സ്ഥിതി ഏറ്റവും മെച്ചപ്പെട്ടതാക്കുന്നതിന് എന്തെല്ലാം ശാസ്ത്രീയമാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരമ്പരാഗതമായി ചെയ്തു വരുന്ന 20mm chipping carpet ഉപരിതലത്തിനു പകരമായി ഉപരിതലത്തിന്റെ ഈട് കൂട്ടുന്നതിനായി ബിഎം ആൻഡ് ബിസി ഉപരിതലത്തിലുള്ള റോഡും, വെള്ളക്കെട്ട് മൂലം കേടുപാടുകൾ ഉണ്ടാകാൻ സാധ്യതയുള്ള ഭാഗങ്ങളിൽ കോൺക്രീറ്റ് ഇന്റർലോക്ക് ടൈലിങ് നിർമ്മാണം, കോൺക്രീറ്റുകൊണ്ടുള്ള ഉപരിതലം, കൂടാതെ റോഡുകളുടെ sub soil ന്റെ strength ഉറപ്പു വരുത്തുന്നതിനായി കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള നിർമ്മാണം എന്നീ സാങ്കേതിക വിദ്യകളും ടാറിങ്ങിനു NRMB (Natural Rubber Modified Bitumen) ഉം ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് റോഡിന്റെ നിർമ്മാണ |

പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2016-17 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയ പ്രവൃത്തികളിൽ NRMBയും പ്ലാസ്റ്റിക്കും ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തി അവ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ദേശീയ പാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതിക വിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കുംവിധം ദേശീയപാത വിഭാഗത്തിൽ കരാറുകൾ ഇ. പി. സി. വ്യവസ്ഥയിലും നടപ്പിലാക്കി വരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതിക വിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. മേൽപറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ നിർമ്മിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതാകുന്നുണ്ട്.

| | |
|---|---|
| (ബി) പുതിയ റോഡുകളിൽ സൈക്കിൾ ട്രാക്കുകളും, പൈപ്പുകൾ, കേബിളുകൾ എന്നിവയ്ക്കായി ഡക്റ്റുകളും സ്ഥാപിച്ച് അവ ഈടുറ്റതും സുരക്ഷിതവുമാക്കുന്നതിന് നടപടി സ്വീകരി- | (ബി) റോഡ് നിർമാണത്തിനുള്ള ഫണ്ടിന്റെയും സ്ഥലത്തിന്റെയും ലഭ്യതയ്ക്കനുസരിച്ച് പുതിയ റോഡുകളിൽ സൈക്കിൾ ട്രാക്കുകളും പൈപ്പുകൾ, കേബിളുകൾ എന്നിവയടക്കമുള്ള ഡക്റ്റുകളും |

ച്ചിട്ടുണ്ടോ ;

സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയപാതകൾ നാല് വരിപ്പാതയായും പേവ്ഡ് ഷോൾഡറോടു കൂടിയ ആറു വരിപ്പാതയായും വികസിപ്പിക്കുന്ന പദ്ധതിയിൽ IRC മാനദണ്ഡങ്ങൾക്ക് വിധേയമായി കേബിളുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി സ്പെയ്സ് / യൂട്ടിലിറ്റി ഡക്റ്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. യൂട്ടിലിറ്റി കേബിളുകളും, പൈപ്പുകളും സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി ഡക്റ്റുകളും ക്രോസ് ഡക്റ്റുകളും സ്ഥാപിക്കുന്നതിനാൽ ഇത്തരം പൈപ്പുകളും, കേബിളുകളും സ്ഥാപിക്കാനായി റോഡ് നിരന്തരം വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാവുന്നതും സുരക്ഷിതമാക്കാവുന്നതുമാണ്.

(സി) റോഡപകടങ്ങൾ ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അവ പരമാവധി കുറയ്ക്കുന്നതിനാവശ്യമായ എന്തെല്ലാം കാര്യങ്ങൾക്കാണ് റോഡ് നിർമ്മാണ വേളയിൽ പ്രാധാന്യം നൽകി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(സി) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി എന്ന ശീർഷകത്തിൽ സുരക്ഷിതത്വത്തിനു വേണ്ടിയുള്ള ഐറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടാണ് പുതിയ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ റോഡ് സുരക്ഷയ്ക്കുവേണ്ട ക്രമീകരണങ്ങളും കൂടി ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ദേശീയപാതകളിൽ തുടർച്ചയായി അപകടം നടക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ട് ആയി കണ്ടുകൊണ്ട് പഠനം നടത്തി റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തി വരുന്നു. റമ്പിൾ സ്ട്രിപ്പ്, ബ്ലിങ്കേഴ്സ് ലൈറ്റ്, ആവശ്യമായ മുന്നറിയിപ്പ് ബോർഡു- കൾ മുതലായവ സ്ഥാപിക്കാറുണ്ട്. റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തി അതിനനുസരിച്ച് ട്രാഫിക് സേഫ്റ്റി എസ്റ്റിമേറ്റുകൾ

തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. സമയാസമയങ്ങളിൽ അറ്റകുറ്റപണികൾ നടത്തി സുരക്ഷിതമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**